**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4112** **18-07-2022 - ൽ മറുപടിയ്ക്ക്**

**ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് എ.ഡി.എസ്.ൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഫർണീച്ചറുകൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനും നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടും പ്രാദേശിക വികസന ഫണ്ടും വിനിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ; ഉത്തരവിന്റെ പകർപ്പ് നൽകുമോ; | (എ) | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി)നം.119/2018/ധന അനുബന്ധം 1ൽ (അനുവദനീയമായ പ്രവൃത്തികൾ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്കുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, 27/05/2019 തീയതിയിലെ സ.ഉ(അച്ചടി) നം.60/2019/ധന പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണത്തിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി/ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാലകൾക്ക് ഫർണീച്ചറുകൾ, പുസ്തകങ്ങൾ എന്നിവ വാങ്ങൽ അനുവദനീയമല്ല. |
| (ബി) | പ്രസ്തുത ഫണ്ടുകളിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തികൾ നടപ്പിലാക്കുവാനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | **സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികൾക്ക് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദനീയമല്ല. ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ള വികസനപ്രവർത്തനങ്ങളാണ് പ്രാദേശിക വികസനഫണ്ട് വിനിയോഗിച്ചും നടപ്പിലാക്കി വരുന്നത്.** |
| (സി) | പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി ഈ പ്രവൃത്തികൾ | (സി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ ധനകാര്യവകുപ്പ് സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | | |
| (ഡി) | സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ എസ്.ഡി. എഫ്.ന്റെ അതേ മാനദണ്ഡത്തിൽ എ.ഡി.എസ്.ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

By Spl Messenger

# കേരള സർക്കാർ

## സംഗ്രഹം

**ധനകാര്യ വകുപ്പ് - MLA SDF - ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലെ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

**സ.ഉ.(അ) നം.60/2019/ധന.** **തിരുവനന്തപുരം, തീയതി 27/05/2019.**

---

**പരാമർശം : 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.**

## ഉത്തരവ്

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ പരാമർശ ഉത്തരവിലെ അനുബന്ധം 1 ഇനം 12 പ്രകാരം പൊതുവായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണം അനുവദനീയമാണ്. 'പൊതുവായനശാല/ഗ്രന്ഥശാല' എന്നത്കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള വായനശാലകളേയും ഗ്രന്ഥശാലകളേയുമാണ്. എന്നാൽ ഗ്രന്ഥശാല സംഘത്തിന്റെ കീഴിലുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ പ്രത്യേക വികസന നിധിയിൽ (എസ്.ഡി.എഫിൽ) നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് വിവിധ എം.എൽ.എ മാർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും കെട്ടിട നിർമ്മാണത്തിന് തുക വിനിയോഗിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയിലെ ബന്ധപ്പെട്ട ഖണ്ഡികകൾ താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**അനുബന്ധം 1 ഇനം 12**

'ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളും ഗ്രന്ഥശാലകളും ഉൾപ്പെടെ പൊതു വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നിർമ്മാണം.'

**ഖണ്ഡിക 6. പൊതുകാര്യങ്ങൾ 6.3 (IV)**

'ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഇവയുടെ വിൽപ്പന, കൈമാറ്റം ചെയ്യൽ, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതി ഇല്ലാതെ നടത്തുവാൻ പാടില്ല. എന്നാൽ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള വായന ശാലകളുടെയും ഗ്രന്ഥശാലകളുടെയും

എം.എൽ.എ എസ്.ഡി.എഫ് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന ആസ്തി ബന്ധപ്പെട്ട വായനശാല/ഗ്രന്ഥശാല സമിതിയുടെ ഉടമസ്ഥതയിൽ തുടരുന്നതും, കൈമാറ്റം, വിൽപ്പന, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതി ഇല്ലാതെ നടത്താൻ പാടില്ലാത്തതുമാണ്.'

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. എസ്. ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും
5. എല്ലാ ഭരണവകുപ്പുകൾക്കും
6. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
9. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
10. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
11. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
12. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
13. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
14. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
15. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി [No.NC-B1/3216316/2019/Fin]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**